കുറിച്ചി സചിവോത്തമപുരം കാളനി.

570. MR. MANNAR GOPALAN NAIR (*Thiruvalla I—General*) താഴെ പറയുന്ന ചോദ്യങ്ങൾക്കു കാളനികളുടെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കുറിച്ചി സചിവോത്തമപുരം കാളനിയുടെ മേൽനോട്ടം ഇപ്പോൾ ആർക്കാണ്?

(ബി) അതിന്റെ മേൽനോട്ടം വഹിക്കുന്ന ആൾ എവിടെയാണു താമസം?

(സി) അദ്ദേഹത്തിനു വേറെ ജോലി വല്ലതും ഉണ്ടോ?

HON'BLE MR. G. RAMACHANDRAN : (എ) സചിവോത്തമപുരം കാളനിയിലെ കൃഷി ഇൻസ്പെക്ടർക്കാണ്.

(ബി) സചിവോത്തമപുരത്താണു താമസം.

(സി) ഇല്ല.

MR. MANNAR GOPALAN NAIR : അദ്ദേഹം തിരുവനന്തപുരത്താണ് താമസിക്കുന്നതെന്നു അറിയാമോ?

HON'BLE MR. G. RAMACHANDRAN: ബി യുടെ ഉത്തരത്തിൽനിന്നും തിരുവനന്തപുരത്തല്ലെന്നു വ്യക്തമാണ്.

MR. MANNAR GOPALAN NAIR : തിരുവനന്തപുരത്താണു താമസമെന്നു പറഞ്ഞാൽ അതിനെപ്പറ്റി അന്വേഷിക്കുമോ?

HON'BLE MR. G. RAMACHANDRAN : (ബി)യുടെ ഉത്തരത്തിൽനിന്നും അങ്ങിനെ ഒരു ചോദ്യം ഉദിക്കുന്നില്ല.

കുറുച്ചി സചിവോത്തമപുരം കാളനി.

571. MR. MANNAR GOPALAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്ക് കാളനികളുടെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കുറുച്ചി സചിവോത്തമപുരം കാളനിക്ക് ഇതുവരെ എത്ര രൂപാ ചെലവായിട്ടുണ്ട്?

(ബി) അവിടെ എത്ര കുടികൾ താമസമുണ്ട്?

(സി) അതിന്റെ പ്രവർത്തനവ്യാപ്തി സമീപ ഗ്രാമപ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. G. RAMACHANDRAN :

(എ) ശ. ൻവു, ൟ ൦-൧൭-൧൦

(ബി) ർ൦.

(സി) ഇല്ല.

Paddy Purchase Officer.

572. MR. N. P. VARGHIS (*Muvattupuzha I—General*); Will the Honourable Minister for Land be pleased to state;

(*a*) the number of Paddy Purchase Officers and Purchase Accountants in the State;

(*b*) whether these officers are able to cope with the work of purchase of paddy;

(*c*) whether the purchase work is done throughout the year;

(*d*) if the answer to part (c) is in the affirmative the name of the taluks were purchase work is going on throughout the year;

(*e*) if the answer to part (c) is in the negative, will the Government consider the advisability of diverting these officers for other work except during the harvest season ?

HON'BLE MR. K. M. KORAH :

(*a*) Assistant Purchase Officer 31
Special Accountants 299

(*b*) Yes.

(*c*) Yes.

(*d*) In all the Taluks.

(*e*) Does not arise in view of the answer to (c).

മോണ്ടിസോറി ട്രെയിനിംഗ് സെന്റർ.

573. MR. KRISHNAN AIYAPPAN (*Sherthalai III—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ൧൯൭൦-൭൧ ഈ വർഷങ്ങളിൽ ഗവണ്മെന്റിൽ നിന്നും എത്രപേരെ മദ്രസ്സിൽ അഡയാറിലുള്ള Arundale മോണ്ടിസോറി സെന്ററിൽ ട്രെയിനിംഗിന് അയച്ചിരുന്നു. അതിലേക്ക് ഗവണ്മെന്റിന് എന്തു ചെലവു വന്നിട്ടുണ്ട്?

(ബി) അപ്രകാരം അയച്ചവർ പരിശീലനം കഴിഞ്ഞു വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ വന്നിട്ട് എത്ര നാളായി?

(സി) ആ അദ്ധ്യാപകന്മാർ ഏതെങ്കിലും സ്കൂളുകളിൽ കുട്ടികൾക്ക് ട്രെയിനിംഗ് കൊടുക്കുന്നുണ്ടോ?

(ഡി) ഈ ട്രെയിനിംഗ് തുല്യമായി ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പാക്കണമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly